**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**നികുതി (എഫ്) വകുപ്പ്**

**സ.ഉ (കൈ) നം. 46/2019/നി.വ** **തീയതി, തിരുവനന്തപുരം, 19/08/2019**

================================================================

പരാമർശം : - എക്സൈസ് കമ്മീഷണറുടെ 17.08.2018, 03.08.2019, 16.08.2019 തീയതികളിലെ എക്സ്.സി3/3225/2018-എക്സ് ഡി1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി വളരെയധികം മേജർ എൻ.ഡി.പി.എസ്, അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകൾ അന്വേഷിക്കുന്നതിന് ഒരു പ്രത്യേക അന്വേഷണസംഘം രൂപീകരിക്കുന്നതിന്റെ ആവശ്യകത നിലനിൽക്കുന്നുവെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിലെ അംഗബലത്തിൽ നിന്നുതന്നെ കേസുകളുടെ അന്വേഷണത്തിന് പ്രത്യേക സംഘം രൂപീകരിക്കുന്നത് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും NDPS കുറ്റകൃത്യങ്ങളിൽ വിവരം നൽകുന്നയാളും അന്വേഷണ ഉദ്യോഗസ്ഥനും ഒരേ ഉദ്യോഗസ്ഥൻ തന്നെ ആകരുതെന്നുള്ള പല കേസുകളിലെയും ബഹു.സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും എക്സൈസ് വകുപ്പിൽ എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗം ആരംഭിക്കുന്നതിന് പരാമർശത്തിലെ കത്തുകൾ പ്രകാരം എക്സൈസ് കമ്മീഷണർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു:

a).എക്സൈസ് വകുപ്പിൽ Crime Branch രൂപീകരിക്കുമ്പോൾ പുതിയ അനാവർത്തന ചെലവുകൾ ഒന്നും ഉണ്ടാകാൻ പാടില്ല.

b).വകുപ്പിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാവണം പുതിയ യൂണിറ്റ് രൂപീകരിക്കേണ്ടത്.

c).സംസ്ഥാനതലത്തിൽ ഒറ്റ ഏജൻസിയായി സംസ്ഥാനം മുഴുവൻ അധികാര പരിധി ഉള്ള ഏജൻസിയായി Crime Branch പ്രവർത്തിക്കേണ്ടതാണ്.

d).Crime Branch വിഭാഗത്തിന് സബ് യൂണിറ്റുകൾ രൂപീകരിക്കാൻ പാടില്ല.

3. എക്സൈസ് വകുപ്പിൽ പുതുതായി രൂപീകരിക്കുന്ന എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗത്തിന്റെ **അധികാരങ്ങൾ, ചുമതലകൾ, പ്രവർത്തനരീതി** എന്നിവ ചുവടെചേർക്കുന്നു.

എക്സൈസ് ക്രൈംബ്രാഞ്ചിന്റെ ആസ്ഥാനം എറണാകുളം ആയിരിക്കും. ഇതിന്റെ മേൽനോട്ട ചുമതല ജോയിന്റ് എക്സൈസ് കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും. അതിനോടൊപ്പം അദ്ദേഹത്തെ സഹായിക്കുന്നതിനായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ എന്നിവരടങ്ങുന്നതാകും എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം. ക്രൈം ബ്രാഞ്ച് വിഭാഗത്തിലെ ഉദ്യോഗസ്ഥർ അബ്കാരി ആക്റ്റിൽ നിർവചിച്ചിരിക്കുന്ന അബ്കാരി ഓഫീസർമാർ ആയിരിക്കും. സംസ്ഥാന സർക്കാർ, എക്സൈസ് കമ്മീഷണർ, അധികാരപ്പെട്ട കോടതികൾ എന്നിവർ ഏൽപ്പിക്കുന്നതും എക്സൈസ് വകുപ്പിൽ കണ്ടെടുക്കുന്നതുമായ പ്രധാനപ്പെട്ട അബ്കാരി, NDPS കേസുകൾ മുതലായവയുടെ അന്വേഷണം, കോടതിയിൽ സമയബന്ധിതമായി ചാർജ്ജ് ഷീറ്റ് സമർപ്പിക്കൽ, പ്രസ്തുത കേസുകളുടെ തുടർനടപടികൾ വീക്ഷിക്കൽ എന്നിവയായിരിക്കും എക്സൈസ് ക്രൈംബ്രാഞ്ചിന്റെ ഉത്തരവാദിത്വം. എക്സൈസ് കമ്മീഷണർക്ക് ഏത് തരത്തിലുമുള്ള കേസുകളുടെയും അന്വേഷണം/ തുടരന്വേഷണം എന്നിവ എക്സൈസ് ക്രൈംബ്രാഞ്ചിന് നൽകുന്നതിന് അധികാരമുണ്ടായിരിക്കും. അബ്കാരി / NDPS കേസുകൾ എക്സൈസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർ ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ജോയിന്റ് എക്സൈസ് കമ്മീഷണർ എക്സൈസ് ക്രൈംബ്രാഞ്ചിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതും കേസന്വേഷണം സംബന്ധിച്ച പുരോഗതി റിപ്പോർട്ടുകൾ എല്ലാ മാസവും അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) മുഖേന എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതുമാണ്. എക്സൈസ് ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിലേക്കായി ടി വിഭാഗത്തിന്റെ പ്രവർത്തന റിപ്പോർട്ട് 3 മാസത്തിലൊരിക്കൽ എക്സൈസ് കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

4. എക്സൈസ് വകുപ്പിൽ രൂപീകരിക്കുന്ന എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ജോയിന്റ് എക്സൈസ് കമ്മീഷണർ | 1 |
| 2 | അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ | 1 |
| 3 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | 2 |
| 4 | പ്രിവന്റീവ് ഓഫീസർ | 3 |
| 5 | സിവിൽ എക്സൈസ് ഓഫീസർ | 3 |
| 6 | ഡ്രൈവർ | 3 |
| | **ആകെ** | **13** |

എക്സൈസ് ക്രൈംബ്രാഞ്ചിലേക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ (ഡ്രൈവർമാർ ഒഴികെ) കുറഞ്ഞത് 2 വർഷകാലയളവിലേക്ക് നിയമിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ സ്ഥാനക്കയറ്റം, വിരമിക്കൽ മറ്റു മാനുഷിക പരിഗണന അർഹിക്കുന്ന വിഷയങ്ങളിൽ മാത്രമേ ടി വ്യവസ്ഥയിൽ ഇളവു വരുത്തുവാൻ പാടുള്ളു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)**
**ഡോ.ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്, ERSA ), കേരളം, തിരുവനന്തപുരം.
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(with C.L)
3. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
4. പൊതുഭരണ (എസ്.സി) വകുപ്പ്.
5. ധനകാര്യ വകുപ്പ് (എക്സ്.പി.എ 1/43/19-ധനം തീയതി.09.07.2019)
6. ആഭ്യന്തര വകുപ്പ് (എ 6/210/19/ആഭ്യന്തരം തീയതി 08.08.2019)
7. നിയമ വകുപ്പ് (24689/ഒപ്പീനിയൻ ഡി1/18/നിയമം തീയതി 16.01.2019)
8. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**